(സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷവർഷത്തിൽ പട്ടികജാതിക്കാരായിട്ടുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ ആരോഗ്യ വകുപ്പിലെ താൽക്കാലിക ജീവനക്കാരായ നഴ്സുമാരെക്കൂടി സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 7725

(ബി) പി.എസ്.സി. ലിസ്റ്റില്ലാത്ത ജില്ലകളിൽ ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിൽനിന്നും കോഴ്സ് പൂർത്തിയാക്കുന്നവരെ പി.എസ്.സി. ഉപദേശിക്കുന്നവരുടെ നിയമനംവരെ താൽക്കാലികമായി നിയമിക്കുന്നുണ്ട്. അവരടക്കം

സ്ഥിരപ്പെടുത്താത്തവർ	1657
പട്ടികജാതി	174
പട്ടികവർഗ്ഗം	50
പിന്നോക്ക	463
അഞ്ച് വർഷം പൂർത്തീകരിച്ചവർ	122

(സി) മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഡി) തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

താൽക്കാലിക ഡ്രൈവർമാർ

112 (161) ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ താൽക്കാലിക അടിസ്ഥാനത്തിൽ എത്ര എൽ.എം.വി. ഡ്രൈവർമാർ ജോലിചെയ്തു വരുന്നു;

(ബി) ഓരോ വകുപ്പിലും വാഹനം വാങ്ങുന്നത് അപ്രൂവ്ഡ് പോസ്റ്റ് ഉണ്ടാക്കിയതിനുശേഷം മാത്രമേ പാടുള്ളൂ എന്ന പി. ആന്റ് എ.ആർ.ഡി. സർക്കുലർ നിലവിലുള്ളപ്പോൾ ആരോഗ്യവകുപ്പിൽ പോസ്റ്റ് ഉണ്ടാക്കാതെ വാഹനം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം എന്ന് വ്യക്തമാക്കുമോ;

(സി) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം ആരോഗ്യവകുപ്പ് പാലിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ താൽക്കാലിക അടിസ്ഥാനത്തിൽ എൽ.എം.വി. ഡ്രൈവർമാർ ആരുംതന്നെ ജോലിചെയ്യുന്നില്ല.

(ബി) അപ്രകാരം വാഹനങ്ങൾ ഒന്നുംതന്നെ വാങ്ങിയിട്ടില്ല. എന്നാൽ ഭാരതസർക്കാരും ലോകാരോഗ്യ സംഘടന തുടങ്ങിയവയും ചില പ്രത്യേക പദ്ധതികളനുസരിച്ച് വാഹനങ്ങൾ നൽകാറുണ്ട്.

(സി)&(ഡി) ഉണ്ട്.

ആശുപത്രി ജീവനക്കാരുടെ പെരുമാറ്റം

113 (162) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ഹോസ്പിറ്റലിൽ വരുന്ന രോഗികളോട് പ്രസ്തുത ഹോസ്പിറ്റലിലെ ജീവക്കാർ വളരെ മോശമായിട്ടാണ് പെരുമാറുന്നത് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കഴിഞ്ഞ 1999 ആഗസ്റ്റ് മുതൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആരുടെയൊക്കെ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പരാതികളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചില ജീവനക്കാരുടെ പെരുമാറ്റത്തെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്നവരിൽനിന്ന് നാല് പരാതികൾ കിട്ടിയിട്ടുണ്ട്.

1. പേരൂർക്കട വില്ലേജിൽ വാഴോട്ടുകോണം ദേശത്ത് മസ്ജിദലയിനിൽ ചെന്നഞ്ചേരി പുത്തൻവീട്ടിലെ മുഹമ്മദ്ഹംസ.

2. കിളിമാനൂർ തൊളിക്കുഴി സ്വദേശി ജാഫർ.

3. കിഴക്കുംഭാഗം ചിതറ പി.ഒ., (കൊല്ലം), ഇന്ദിരാഭവനിൽ എസ്. അജയകുമാർ.

4. നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് പഞ്ചായത്തിൽ വെഞ്ഞാറമൂട്ടിൽ കെ.കെ. ഹൗസിൽ ബഷീർ.

(സി)&(ഡി) ഒന്നാമത്തെ പരാതിയിൻമേൽ നഴ്സിംഗ് സൂപ്രണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മനുഷ്യാവകാശ സമിതിയിൽനിന്ന് ഇതേ പരാതി ലഭിക്കുകയും, ഗൈനക്കോളജി വിഭാഗം മേധാവിയെ അന്വേഷണം നടത്താൻ ചുമതലപ്പെടുത്തുകയും ചെയ്തു. പരാതിക്കാരൻ അന്വേഷണത്തിന് ഹാജരായിട്ടില്ല. രണ്ടാമത്തെ പരാതിയിൻമേൽ എസ്.എ.ടി. ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് എൻക്വയറി നടത്തി. കുറ്റക്കാർക്കെതിരെ ശിക്ഷണ

LIBRARY ARCHIVES Kerala Legislative Assembly